**<u>15 -ാം കേരള നിയമസഭ</u>**

**<u>11 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 973</u>** **<u>12-06-2024 - ൽ മറുപടിയ്ക്ക്</u>**

**<u>വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരത്തിന് നിയമനിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരം ഏത് ചട്ടത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ; | (എ) | 1980 ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals എന്ന ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരമാണ് വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നത്. |
| (ബി) | പ്രസ്തുത ചട്ടത്തിന് അടിസ്ഥാനമായ നിയമം ഏതെന്നും കേരള സർക്കാരോ കേന്ദ്ര സർക്കാരോ പ്രസ്തുത നിയമം പാസാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | (ബി) | കേന്ദ്ര സർക്കാർ പാസ്സാക്കിയ 1972 ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ 64(2)(h) സെക്ഷൻ പ്രകാരമാണ് വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുള്ളത്. |
| (സി) | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നതിന് പകരം ഈ വിഷയത്തിൽ സമഗ്രമായ ഒരു നിയമം പാസാക്കി അതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം അവകാശമാക്കുന്നതിന് നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ? | (സി) | 1980 ലെ The Kerala Rules for Payment of Compensation to Victims of Attack by Wild Animals എന്ന ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം വന്യജീവി ആക്രമണത്തിന് ഇരയാകുന്നവർക്ക് നഷ്ടപരിഹാരം കാലതാമസം കൂടാതെ നൽകി വരുന്നുണ്ട്. നിയമം പാസ്സാക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ